# കരാറുകാരന്റെ തൊഴിലാളികളുടെ ഇ.എസ്.ഐ. വിഹിതമടയ്ക്കാനുള്ള ബാധ്യതയിൽ നിന്ന് പ്രധാന തൊഴിലുടമയെ ഒഴിവാക്കാനാവില്ല

## മദ്രാസ് ഹൈക്കോടതി

C.M.A. No. 3297/2019 Dt. 20.1.2020

രാജേഷ് മാസ്റ്റർ ക്രാഫ്റ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്
x
എംപ്ലോയീസ് സ്റ്റേറ്റ് ഇൻഷുറൻസ്
കോർപ്പറേഷൻ

പാദരക്ഷയുടെ മേൽഭാഗം നിർമ്മിച്ച് കയറ്റുമതി ചെയ്യുന്ന ബിസിനസ്സാണ് കമ്പനി നടത്തുന്നത്. കമ്പനിയിലെ ഭൂരിഭാഗം ജോലിയും കരാറുകാർ വഴിയാണ് നിറവേറ്റുന്നത്. കരാറുകാർ സ്വന്തം നിലയിൽ തൊഴിലാളികളെ നിയമിച്ച് കമ്പനിക്കു പുറത്തു വച്ചാണ് ജോലി ചെയ്യിക്കുന്നത്. കമ്പനി നടത്തുന്ന പ്രധാന തൊഴിലുടമ ഇ.എസ്.ഐ. പരിധിയിൽ ഉൾപ്പെട്ടിട്ടില്ല. അപ്രകാരമിരിക്കെ കമ്പനിയിൽ ഇ.എസ്.ഐ. ഇൻസ്പെക്ടർ പരിശോധന നടത്തി. കമ്പനി അങ്കണത്തിനു പുറത്തുള്ള സ്ഥലങ്ങളിൽ വച്ച് കരാറുകാരുടെ തൊഴിലാളികളാണ് പ്രധാന തൊഴിലുടമയ്ക്കു വേണ്ടി ജോലി ചെയ്യുന്നത് എന്ന് കണ്ടുപിടിച്ചു. ഇൻസ്പെക്ടറുടെ റിപ്പോർട്ടിന്റെ വെളിച്ചത്തിൽ സ്ഥാപനത്തിന്റെ വിഹിതം നിർണ്ണയിക്കുന്നതിനുള്ള അന്വേഷണം നടത്താൻ ഇ.എസ്.ഐ. ഡയറക്ടർ തീരുമാനിച്ചു. കരാറുകാരുടെ തൊഴിലാളികൾ ഇ.എസ്.ഐ. നിയമത്തിന്റെ പരിധിയിൽ വരുമെന്നും കരാറുകാരാരും ഇ.എസ്.ഐ. വിഹിതം അടയ്ക്കുന്നില്ലെന്നും അന്വേഷണത്തിൽ തെളിഞ്ഞു. പ്രധാന തൊഴിലുടമയുടെ തടസ്സവാദങ്ങൾ തള്ളിക്കളഞ്ഞ ഇ.എസ്.ഐ. ഡയറക്ടർ കരാറുകാരുടെ തൊഴിലാളികളുടെ പേരിൽ വിഹിതമടയ്ക്കാൻ പ്രധാന തൊഴിലുടമ ബാധ്യസ്ഥനാണെന്ന് വിധിച്ചു. 1,70,102 രൂപ പ്രധാന തൊഴിലുടമ വിഹിതമായി അടയ്ക്കണമെന്ന് ഇ.എസ്.ഐ. ഡയറക്ടർ ഉത്തരവിലൂടെ വ്യക്തമാക്കി. ഇതിനെതിരെ പ്രധാന തൊഴിലുടമ എംപ്ലോയീസ് ഇൻഷുറൻസ് കോടതിയിൽ ഹർജി സമർപ്പിച്ചു. തങ്ങൾ ഇ.എസ്.ഐ. നിയമത്തിന്റെ പരിധിയിൽ വരുന്നതല്ലെന്നും കരാറുകാരുടെ തൊഴിലാളികളുടെ വിഹിതമടയ്ക്കാൻ തങ്ങളോട് നിർദ്ദേശിച്ചത് തെറ്റും അന്യായവുമാണെന്നും പ്രധാന തൊഴിലുടമ വാദിച്ചത് ഇൻഷുറൻസ് കോടതി അംഗീകരിച്ചില്ല. പ്രധാന തൊഴിലുടമയുടെ ഹർജി ഇൻഷുറൻസ് കോടതി തള്ളിക്കളഞ്ഞു. ഇതിനെതിരെ പ്രധാന തൊഴിലുടമ ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. കരാറുകാരുടെ തൊഴിലാളികളുടെ മേൽ തങ്ങൾക്ക് യാതൊരു നിയന്ത്രണമോ മേൽനോട്ടമോ ഇല്ലാതിരിക്കെ ആ തൊഴിലാളികളുടെ വിഹിതമടയ്ക്കാനുള്ള ഉത്തരവാദിത്വം തങ്ങളുടെ മേൽ കെട്ടിവച്ചത് അന്യായവും റദ്ദാക്കേണ്ടതുമാണെന്ന് പ്രധാന തൊഴിലുടമ വാദിച്ചു. കരാറുകാരുടെ തൊഴിലാളികൾ ഇ.എസ്.ഐ. വിഹിതമടയ്ക്കുന്നുണ്ടോ എന്ന് അന്വേഷിക്കാനും ഇല്ലെങ്കിൽ അത് അടയ്ക്കുവാനും പ്രധാന തൊഴിലുടമ ബാധ്യസ്ഥനാണെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. കരാറുകാർക്ക് ഇ.എസ്.ഐ. കോഡില്ലാത്ത സാഹചര്യത്തിൽ അവരുടെ തൊഴിലാളികളുടെ പേരിൽ വിഹിതമടയ്ക്കാൻ പ്രധാന തൊഴിലുടമ തീർച്ചയായും ബാധ്യസ്ഥനാണെന്ന് വിലയിരുത്തിയ ഹൈക്കോടതി എംപ്ലോയീസ് ഇൻഷുറൻസ് കോടതിയുടെ വിധിയും ഇ.എസ്.ഐ. ഡയറക്ടറുടെ ഉത്തരവും ശരിവയ്ക്കുകയും പ്രധാന തൊഴിലുടമയുടെ അപ്പീൽ തള്ളിക്കളയുകയും ചെയ്തു.